(ഇ) 52 കേസ്സുകളിൽ ബഹു. കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. 5 കേസ്സുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (ഇ)* യിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(എഫ്) 137 കേസ്സുകളിൽ പ്രതിസ്ഥാനത്ത് എസ്.സി./എസ്.റ്റി. ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർ ഉൾപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (എഫ്)* ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(ജി) 5 കേസ്സുകളിൽ പ്രതിസ്ഥാനത്ത് അംഗീകൃത രാഷ്ട്രീയ പാർട്ടിയിൽപെട്ടവർ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ ക്രൈം നമ്പർ, പോലീസ് സ്റ്റേഷൻ, ഏതു പാർട്ടിയിൽപ്പെട്ടവർ, കേസിന്റെ സ്വഭാവം എന്നിവയുൾപ്പെടെയുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II-ൽ* ഉൾക്കൊള്ളിച്ചിരിക്കുന്നു. 4 കേസ്സുകളിൽ പോലീസ് ഉദ്യോഗസ്ഥർ പ്രതി സ്ഥാനത്ത് ഉൾപ്പെട്ടിട്ടുണ്ട് (തൃശ്ശൂർ റൂറൽ -2, കോഴിക്കോട് സിറ്റി -1, കാസർഗോഡ്- 1). 2 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട് (തൃശ്ശൂർ റൂറൽ -1, കാസർഗോഡ് -1).

വാഹന അപകടങ്ങൾ

179 (180) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014 ജനുവരി മുതൽ നവംബർ വരെ സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ റിപ്പോർട്ട ചെയ്യപ്പെട്ടിട്ടുണ്ട്; ഇതിൽ കൊല്ലപ്പെട്ടവർ എത്ര ; പരിക്കേറ്റവർ എത്ര ?

ഉത്തരം

32,230 വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 3,517 പേർ മരണപ്പെടുകയും, 36,398 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റി പ്രൊ-വൈസ്ചാൻസലറുടെ വീട് ആക്രമിച്ച കേസ്

180 (181) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഒക്ടോബർ 18-ന് കേരള യൂണിവേഴ്സിറ്റി പ്രൊ-വൈസ്ചാൻസലറുടെ വീട് ആക്രമിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം, ആർക്കെല്ലാം എതിരെ കേസ് എടുക്കുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്നേദിവസം സർവ്വകലാശാലയുടെ പ്രധാന കവാടം ഉൾപ്പെടെ അടിച്ചു തകർത്ത് യൂണിവേഴ്സിറ്റിയ്ക്ക് വൻ നാശനഷ്ടങ്ങൾ വരുത്തിവച്ച യൂത്ത്കോൺഗ്രസ്സ് കാർക്കെതിരെ കേസ് എടുക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം; ആർക്കെല്ലാം എതിരെ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1225/2014 u/s 447, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നാളിതുവരെയുള്ള അന്വേഷണത്തിൽ ടി കേസിലെ പ്രതികളെ തിരിച്ചിറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ലാത്തതുമാണ്.

(ബി) 18-10-2014-ാം തീയതി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ഇലക്ഷൻ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സിൻഡിക്കേറ്റംഗം അഡ്വ. കൃഷ്ണകുമാർ നടത്തിവന്ന നിരാഹാര സമരത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് കേരള സ്റ്റുഡന്റ്സ് യൂണിയൻ പ്രവർത്തകരും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരും ഉൾപ്പെടെ നൂറോളം സമരക്കാർ കേരള യൂണിവേഴ്സിറ്റി ഓഫീസിന്റെ പ്രധാന കവാടത്തിനു സമീപം സംഘം ചേർന്ന് യൂണിവേഴ്സിറ്റി ഓഫീസിലേയ്ക്കുള്ള പൊതുജനങ്ങളുടേയും മറ്റും സുഗമമായ സഞ്ചാരത്തിന് തടസ്സം സൃഷ്ടിച്ച് മുദ്രാവാക്യങ്ങൾ വിളിച്ച് സമരക്കാർ കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ ഓഫീസിലേക്ക് തള്ളിക്കയറുന്നതിനായി പോർട്ടിക്കോയിലെ പ്രധാന വാതിൽ തല്ലിപ്പൊട്ടിച്ച് രജിസ്ട്രേഷൻ സെക്ഷനിലെ ജനലും വാതിലും നശിപ്പിച്ച് പൊതു നഷ്ടം സംഭവിപ്പിച്ചതിന് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1257/2014 u/s 143, 147, 149, 283, 447 IPC & Sec. 3 (1) of PDPP Act പ്രകാരം അഡ്വ. കൃഷ്ണകുമാറിനെയും നൂറോളം യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെയും പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർക്കെതിരായ കേസുകൾ

181 (182) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർ പ്രതിയായിട്ടുള്ള എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എല്ലാ കേസുകളിലും കൂടി എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട് ; വിശദാംശങ്ങൾ നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly